# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 528 28.09.2016-ലെ മറുപടിയ്ക്ക്

## പട്ടികജാതിയിൽപ്പെടുന്നവരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എം.മണി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) പട്ടികജാതിയിൽപ്പെടുന്നവരുടെ പെൺ മക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (എ) പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് 50,000/-രൂപ ധനസഹായ മായി നൽകി വരുന്നു. വരുമാന പരിധി 50,000/-രൂപയാണ്. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ്, വിവാഹ നിശ്ചയം കഴിഞ്ഞിട്ടുള്ളതിന്റെ രേഖ (വിവാഹ ക്ഷണ കത്ത്/വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻ/ ഗസറ്റഡ് ഓഫീസർ/സമുദായ സംഘടനയുടെ സാക്ഷ്യപത്രം) എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. വിവാഹ ശേഷം അപേക്ഷ നൽകുകയാണെങ്കിൽ വിവാഹ സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റ് ചെയ്ത പകർപ്പ് സഹിതം വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനകം അപേക്ഷ നൽകേണ്ട-താണ്. |
| ബി) പഞ്ചായത്തിൽ നിന്നും വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന- | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |